## പതിനാലാം കേരള നിയമസഭ
## 4-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*302** **14.03.2017-ൽ മറുപടിയ്ക്ക്**

## പരിസ്ഥിതി സംബന്ധിച്ച ധവളപത്രം

ചോദ്യം
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. കെ.മുരളീധരൻ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. പി.ടി. തോമസ്:

മറുപടി
**ശ്രീ. പിണറായി വിജയൻ**
(മുഖ്യമന്ത്രി)

(എ) സംസ്ഥാന വികസനം പരിസ്ഥിതിക്ക് കോട്ടം തട്ടാതെ നടപ്പിലാക്കുന്നതിന് പരിസ്ഥിതി സംരക്ഷണം, പരിപാലനം, വികസനം എന്നിവയ്ക്കിടയിൽ ഒരു സന്തുലനം കണ്ടെത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(എ) 1. കാർഷിക മേഖലയിൽ കീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ച് ജൈവകൃഷിയും ഉത്തമ കൃഷിരീതികളും പ്രോത്സാഹിപ്പിച്ചുവരുന്നു.

2. കുളങ്ങളുടെ നവീകരണം, മാലിന്യ സംസ്കരണത്തിലൂന്നിയ പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കി വരുന്നു.

3. ശുചിത്വം, മാലിന്യസംസ്കരണം, കൃഷിവികസനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹരിതകേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

4. ഇ-മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതായിരിക്കും. സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി/പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോ-

ഗിക്കുന്നതിന് സർക്കാർ തീരുമാനി-
ക്കുകയും ആയത് നടപ്പിൽ വരുത്തുകയും
ചെയ്തിട്ടുണ്ട്.

5. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും
ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ സംരക്ഷ-
ണവും നടപ്പിലാക്കി വരുന്നു.

6. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ
പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്.

7. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാ-
കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനും
അതുമൂലമുണ്ടാകുന്ന അപകടങ്ങളുടെ
അളവ് കുറയ്ക്കുന്നതിനുമായി "സ്റ്റേറ്റ്
ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച്"
പുതുക്കുന്നതിനുള്ള നടപടി സ്വീകരി-
ച്ചിട്ടുണ്ട്.

8. വേമ്പനാട്, അഷ്ടമുടി, ശാസ്താം-
കോട്ട കായലുകളുടെ പുനഃരുദ്ധാരണവും
സംരക്ഷണവും ഉൾക്കൊള്ളുന്ന ഒരു
മാനേജ്മെന്റ് പ്ലാനിന് രൂപം
നൽകിവരുന്നു.

9. വായു, ജലമലിനീകരണം തടയാൻ
നടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

10. ബയോഡൈവേഴ്സിറ്റി മാനേജ്-
മെന്റ് കമ്മിറ്റികളെ (ബി.എം.സി)
കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള
നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) സംസ്ഥാനത്തിന്റെ പരിസ്ഥിതി സംബന്ധിച്ച അവസ്ഥയുടെ ധവളപത്രം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ബി) കരട് ധവളപത്രം തയ്യാറായിട്ടുണ്ട്. ആയത് കാലതാമസം കൂടാതെ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**